**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.261</u>   <u>28.10.2019 ൽ മറുപടിക്ക്</u>

## ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയെന്ന് വ്യക്തമാക്കാമോ ; | (എ) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കരുനാഗപ്പള്ളി മണ്ഡലത്തിലെ കുലശേഖരപുരം പി.എച്ച്.സി.യെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ കരുനാഗപ്പള്ളി മണ്ഡലത്തിലെ ആലപ്പാട്, അഴീക്കൽ, തൊടിയൂർ, വള്ളിക്കാവ്, തഴവ എന്നീ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരെഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത കുടുംബാരോഗ്യ കേന്ദ്രങ്ങളിലേർപ്പെടുത്തിയ സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ? | (ബി) | നിലവിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ കുലശേഖരപുരം എഫ്.എച്ച്.സി.യിൽ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. ടി കേന്ദ്രത്തിൽ രാവിലെ 9 മണിമുതൽ വൈകുന്നേരം 6 മണി വരെ ഒ.പി.പ്രവർത്തിക്കുന്നുണ്ട്. ഒബ്സർവേഷൻ സൗകര്യം, ലാബ് സൗകര്യം തുടങ്ങിയവ നല്കി വരുന്നു. കമ്പ്യൂട്ടറൈസ്ഡ് ഒ.പി.രജിസ്ട്രേഷൻ രോഗികൾക്ക് ആവശ്യത്തിന് ഇരിപ്പിടങ്ങൾ, നേഴ്സസ് ഫ്രീ ചെക്ക് അപ്പ്, കൗൺസിലിങ്ങ്, എൻ.സി.ഡി., ശ്വാസ്, ആശ്വാസം ക്ലിനിക്ക് എന്നിവ ലഭ്യമാക്കി വരുന്നു. മറ്റ് ആരോഗ്യ കേന്ദ്രങ്ങളിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

Hari

സെക്ഷൻ ഓഫീസർ